**Athmaraksha.org**

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഞാനും ഒരു പാപി! ഫ്രാൻസിസ് പാപ്പാ



'ഞാനും ഒരു പാപിയാണ്. ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ ആശ്രയിച്ച് ജീവിക്കുന്നൊരാൾ!' ബോളിവിയയിലെ ഏറ്റവും കുപ്രസിദ്ധമായ ജയിലിൽ കൊടുംകുറ്റവാളികളുടെ മദ്ധ്യേ വച്ച് ഫ്രാൻസിസ് പാപ്പാ ഇത് പറഞ്ഞപ്പോൾ അവർ ദൈവത്തിന്റെ കാരുണ്യത്തെകുറിച്ചോർത്തു മിഴി നനഞ്ഞു. ലാറ്റിനമേരിക്കൻ സന്ദർശനവേളയിൽ ബോളീവിയയിലെ പാൽമസോള ജയിൽ സന്ദർശിച്ച വേളയിലാണ് പാപ്പാ ഇത് പറഞ്ഞത്. അദ്ദേഹം അർജന്റീനിയൻ തലസ്ഥാനമായ ബ്യൂവനോസ് ഐറിസിന്റെ ആർച്ചുബിഷപ്പായിരുന്ന കാലത്തും തടവറകൾ സന്ദർശിച്ചിരുന്നു.

നിങ്ങൾ ഇപ്പോൾ മനസ്സിൽ ചോദിക്കുന്നുണ്ടാവാം. ആരാണിയാൾ ? എന്നെ കുറിച്ച് ഉറപ്പായി ഒരു കാര്യം എനിക്ക് പറയാൻ സാധിക്കും. ദൈവത്തിന്റെ അനന്തമായ ക്ഷമയുടെ മധുരം നുകർന്നയാളാണ് ഞാൻ. പാപ്പാ പറഞ്ഞു. ഒരു കാര്യം മാത്രം നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ സ്നേഹിക്കുന്ന ഒരു കാര്യം അത് യേശുക്രിസ്തുവാണ്. പിതാവിന്റെ കാരുണ്യം മനുഷ്യകാരം പൂണ്ട യേശുക്രിസ്തു!

5000 ത്തോളം തടവുപുള്ളികളും അവരുടെ കുടുംബങ്ങളും വസിക്കുന്നിടമാണ് പാൽമസോള ജയിൽ. 2013 ൽ ഇവിടെ അരങ്ങേറിയ കുപ്രസിദ്ധ ലഹളയിൽ 31 പേർ കൊല്ലപ്പെട്ടു. അതിൽ ഒന്നര വയസ്സുള്ള ഒരു കുഞ്ഞുമുണ്ടായിരുന്നു.

നിങ്ങളെ കാണാതെ എനിക്ക് ബോളീവിയ വിട്ടുപോകാൻ ആവില്ലായിരുന്നു. ക്രിസ്തുവിന്റെ കുരിശിൽ വെളിവാകുന്ന സ്നേഹത്തിന്റെ ഫലമായ വിശ്വാസവും പ്രത്യാശയും നിങ്ങളുമായി പങ്കുവയ്ക്കാതെ എങ്ങനെ പോകാനാവും. എനിക്ക്? ഇതു പറഞ്ഞുകൊണ്ടാണ് പാപ്പാ തന്റെ ജയിൽ പ്രഭാഷണം ആരംഭിച്ചത്. സങ്കടം വരുമ്പോഴും മനസ്സു തകരുമ്പോഴും നിരാശ വന്നു മൂടുപ്പോഴും ക്രിസ്തുവിന്റെ കുരിശിലേക്ക് മിഴികളുയർത്താൻ അദ്ദേഹം തടവുകാരോട് ആവശ്യപ്പെട്ടു. 'നോക്കൂ ആ മുഖത്തേക്ക്. അവിടുന്ന് നിങ്ങളെ കാണുന്നുണ്ട്. ആ മിഴികൾക്കുള്ളിൽ നിങ്ങൾക്കും സ്ഥാനമുണ്ട്. അവിടുത്തെ തിരുമുറിവുകളിലേക്ക് നിങ്ങളുടെ മുറിവുകളും വേദനകളും പാപങ്ങളും കൊണ്ടു വരൂ! പാപ്പാ പറഞ്ഞു. തന്നെ സ്വീകരിക്കാൻ കാണിച്ച സന്മനസ്സിന് തടവുകാർക്ക് നന്ദി പറഞ്ഞിട്ടാണ് പാപ്പാ മടങ്ങിയത്.